Subhash.S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Tele: 2414880

The Hon. District Collector
Trivandrum

12.5.2014

Sir,

**CORRUPTION**

തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ പൗണ്ട്കടവിൽ റീസർവ്വേ നമ്പർ 168/2 ൽപ്പെട്ട 02.78.90 ഹെക്ടർ സർക്കാർ ഭൂമിയിൽ, അതിന്റെ വടക്കുവശത്തുള്ള കോർപ്പറേഷൻ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന Unauthorized Structure നെ *(അനധികൃത ഗുരുമന്ദിരം)* താഴെപ്പറയുന്ന വസ്തുതകൾ കണക്കിലെടുത്ത്, Hon'ble Supreme Court in SLP(C) No. 8519/2006 പ്രകാരവും, The Kerala Municipality Building Rules, 1999, Rule 146, Page 141 പ്രകാരവും, removal list ൽ പെടുത്തേണ്ടതും, <u>നഗരസഭ അഴിമതിയിലൂടെ</u> നൽകിയ TC നമ്പർ (TC 81/1185) അടിയന്തിരമായി cancel ചെയ്ത്, Government കണ്ടുകെട്ടേണ്ടതും ഏറ്റെടു ക്കേണ്ടതും ആകുന്നു.

1. 1.2.2013 ലെ ആറ്റിപ്ര വില്ലേജ് ആഫീസറുടെ റിപ്പോർട്ട്, വില്ലേജ് രേഖകളുടെ പകർപ്പ് സഹിതം ബഹു. കേരള ലോകായുക്ത കോടതി മുൻപാകെ 506/2011 C എന്ന കേസിൽ നേരിട്ട് ഹാജരാക്കിയിട്ടുള്ളതും, ആയതു പ്രകാരം തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ പൗണ്ട്കടവിൽ റീസർവ്വേ നമ്പർ 168/2 ൽപ്പെട്ട 02.78.90 ഹെക്ടർ സർക്കാർ ഭൂമി *"ജില്ലാ കളക്ടറുടെ B.11-41067/2008-ാം ഉത്തരവ് പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതും നിലവിൽ സർക്കാർ അധീനതയിൽ ഉള്ളതുമാണ്"* എന്നും, ആറ്റിപ്ര വില്ലേജ് ഓഫീസിലെ തണ്ടപ്പേരു കണക്ക് രജിസ്റ്ററിൽ *"തിരു: ജില്ലാ കലക്ടറുടെ No. B.11-41067/08 dt. 31.5.08 ലെ ഉത്തരവു പ്രകാരം ഈ വസ്തു സർക്കാരിലേയ്ക്ക് കണ്ടു കെട്ടുകയും സർക്കാർ അധീനതയിൽ ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നതിനാൽ ഈ വസ്തുവിന് കരമടയ്ക്കാനോ വസ്തു കൈമാറ്റം ചെയ്യാനോ പാടില്ല"* എന്നും രേഖപ്പെ ടുത്തിവച്ചിട്ടുള്ളതും ആകുന്നു.
2. സ്വാഭാവികമായും സർക്കാർ അധീനതയിൽ ഉള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടവും സർക്കാർ അധീനതയിൽ പെട്ടതാകുന്നു. ടി കെട്ടിടം സ്ഥിതി ചെയ്യുന്ന വസ്തുവിന് ഒരു വ്യക്തിയുടേയോ, സ്ഥാപനത്തിന്റേയോ പേരിൽ Registered Land Document, Land Tax Receipt എന്നിവയോ, കെട്ടിടത്തിന് Ownership സർട്ടിഫിക്കറ്റോ ഇല്ലാത്തതും ആകുന്നു. ആയതിനാൽ ടി സ്ഥലത്ത് <u>ഒരു വിഭാഗം അന്യർ</u> അതിക്രമിച്ച് കയറി നടത്തുന്ന പ്രവർത്തനങ്ങൾ നിയമവിരുദ്ധമാകുന്നു.
3. RTI Act Reply from SPIO, Attipra Zonal Office, No. ZAE/1657/10 dtd 18.5.2010 പ്രകാരം ടി കെട്ടിടം നിർമ്മിച്ചത് പഞ്ചായത്ത്/കോർപ്പറേഷന്റെ അനുവാദം ഇല്ലാതെയാണ് എന്നും, നഗരസഭ ടി കെട്ടിടത്തിന് Ownership Certificate നൽകിയിട്ടില്ലെന്നും പറയുന്നു.
4. RTI Act Appeal-2 Reply from Appellate Authority/Addl. Secretary, Trivandrum Corporation, No. GA7/176614/2010 dtd 2.3.2012 പ്രകാരം നഗരസഭ ടി കെട്ടിടത്തിൽ ആർക്കും തന്നെ പ്രവേശനം അനുവദിച്ചിട്ടില്ല എന്നും പറയുന്നു.
5. 9.12.2011 ൽ Hon. City Police Commissioner ക്ക് ഞാൻ സമർപ്പിച്ച അപേക്ഷയുടെ ഫല മായി, ടി Unauthorized Structure ന്റെ താക്കോലുകൾ, തർക്കം നിലനിൽക്കുന്നതിനാൽ 23.1.2012 മുതൽ Police custody യിൽ ഭദ്രമായി സൂക്ഷിച്ചുവരുന്നു എന്ന വിവരം RTI Reply from SI Thumba, No. 31 RTI-Act/2012 TPS dtd. 17.2.2012 പ്രകാരം ലഭിച്ചി

ട്ടുണ്ട്. 23.1.2012 മുതൽ 1.5.2012 വരെ താക്കോലുകൾ Police custody യിൽ സൂക്ഷിച്ചിരുന്നപ്പോഴും ആരാധനാ സ്വാതന്ത്ര്യത്തിന് യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. എന്നാൽ വ്യാജമദ്യത്തിന് കുപ്രസിദ്ധമായ കോരാളംകുഴി ലക്ഷംവീട് കോളനിയിലും പരിസരത്തും, ശ്രീ നാരായണ ഗുരുവിന്റെ ഉപദേശങ്ങൾക്ക് വിരുദ്ധമായ ജീവിതം നയിക്കുന്ന <u>ഒരു വിഭാഗം അന്യർ</u> ഈ സർക്കാർ ഭൂമിയിൽ അതിക്രമിച്ച് കയറി നടത്തിയിരുന്ന Loudspeakers ഉപയോഗിച്ചുള്ള Public nuisance, Money extortion എന്നീ സാമൂഹ്യ/നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിലയ്ക്കുകയും, സ്ഥലത്തെ ശാന്തിയും സമാധാനവും നല്ല രീതിയിൽ പാലിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പൊലീസ് ഉദ്യോഗസ്ഥർക്ക് സ്ഥാനമാറ്റം വന്നപ്പോൾ മുൻ നിർദ്ദേശം അട്ടിമറിച്ച്, നിയമപരമായി യാതൊരവകാശമോ അർഹതയോ ഇല്ലാത്ത ഇവർ പൂജാദികർമ്മങ്ങൾ നടത്തുന്നതിലേക്ക് മാത്രമായി എന്ന കളവ് പറഞ്ഞ് പോലീസിനെ തെറ്റിധരിപ്പിച്ചോ, കബളിപ്പിച്ചോ, സ്വാധീനം ചെലുത്തിയോ അഴിമതിയിലൂടെ 1.5.2012 ന് (RTI Reply from CI Medical College, No. 346/GL/2013 CIMC dtd. 8.2.2013) താക്കോലുകൾ തിരികെ കൈക്കലാക്കുകയും, സാമൂഹ്യ/നിയമ വിരുദ്ധ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയും ചെയ്തു. ആയതിനാൽ ടി Unauthorized Structure, Government കണ്ടുകെട്ടേണ്ടതും ഏറ്റെടുക്കേണ്ടതും ആകുന്നു.

6. RTI Act Reply from SPIO, Attipra Zonal Office, No. ZAE/ZA5/1828/14 dtd. 11.4.2014 ലെ 7-ാം നമ്പർ വിവരം അനുസരിച്ച് ടി കെട്ടിടത്തിന് TC നമ്പർ നേടാൻ അർഹതയില്ലാത്തതാകുന്നു.
7. RTI Act Reply from SPIO, Attipra Zonal Office, No. ZAE/ZA5/1828/14 dtd. 11.4.2014 ലെ 17-ാം നമ്പർ വിവരം അനുസരിച്ച് ടി കെട്ടിടത്തിന് TC നമ്പർ നൽകിയിരിക്കുന്നത് അഴിമതിയിലൂടെയാണെന്ന സത്യം വെളിപ്പെട്ടിരിക്കുന്നു. അഥവാ അല്ല എന്ന് സമർത്ഥിക്കാൻ RTI Act Reply from SPIO, Attipra Zonal Office, No. ZAE/ZA5/1828/14 dtd. 11.4.2014 ലെ 5-ാം നമ്പർ വിവരത്തിൽ പറയുന്ന നിയമാനുസൃതമായ രേഖകൾ produce ചെയ്യേണ്ടതാണ്. കൂടാതെ RTI Act Reply from Revenue Officer/Appellate Authority, Trivandrum Corporation, No. ZA5/1828/14 dtd. 21.4.2014 ലെ 11-ാം നമ്പർ വിവരത്തിൽ, നിയമാനുസൃതമായ documents ന്റെ പകർപ്പ്, ആ ഉടമസ്ഥന്റെ പേര്, മേൽവിലാസം എന്നിവ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുമില്ല.
8. RTI Act Appeal-1 Reply from Revenue Officer/Appellate Authority, Trivandrum Corporation, No. ZA5/1828/14 dtd. 21.4.2014 ലെ 9, 10, 11എന്നീ നമ്പർ വിവരങ്ങൾ പ്രകാരം TC 81/1185 മുതൽ TC 81/1194 വരെയുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നമ്പർ ലഭ്യമല്ല എന്നത്, <u>വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്ററിലെ ക്രമക്കേടിന് ഉദാഹരണമാണ്.</u> കാരണം എന്റെ കെട്ടിടത്തിന്റെ TC നമ്പർ (TC 81/1192) മേൽപറഞ്ഞ TC നമ്പരുകൾക്ക് ഇടയിലുള്ളതും അതിന് വ്യക്തമായ AP നമ്പർ (AP189-A) ഉള്ളതും തെളിവാകുന്നു.
9. RTI Act Reply from SPIO, KSEB, Kulathoor Section, RIA/PIO/KLR/2011.12/28 dtd. 27.7.2011 പ്രകാരം ലഭിച്ച നോട്ടീസിന്റെ പകർപ്പിൽ(R1 of 506/2011 C) *"ആറ്റിപ്ര വില്ലേജിൽ ബ്ലോക്ക് 18 ൽ റീ സർവ്വേ 168/2 ൽ ഉൾപ്പെട്ട വസ്തുവിന്റെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഗുരുദേവൻ പ്രതിമ ഇരിക്കുന്ന സ്ഥലം പുറംപോക്കിൽ ചേർത്തിട്ടുള്ളതാകുന്നു എന്ന് ആറ്റിപ്ര വില്ലേജ് ആഫീസർ അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ രേഖ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും 22.2.2010 ന് മുൻപായി ഹാജരാക്കേണ്ടതാണ് എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉടമസ്ഥാവകാശ രേഖ ഹാജരാക്കാത്തപക്ഷം കൺസ്യൂമർ നമ്പർ 7132 ആയി ലഭിച്ചിട്ടുള്ള വൈദ്യുതി കണക്ഷൻ തുടർന്നൊരറിയിപ്പ് കൂടാതെ വിച്ഛേദിച്ച് മീറ്റർ സഹിതം ഇല: ബോർഡിലേക്ക് തിരികെ എടുക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു."* എന്ന് KSEB, Kulathoor Section ൽ നിന്ന് കക്ഷിക്ക് നോട്ടീസ് അയക്കുകയും, ഉടമസ്ഥാവകാശ രേഖ ഹാജരാക്കാൻ കക്ഷിക്ക് കഴിയാതെ വരികയും, വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തു. ഇത് 22.2.2010 വരെ ടി കെട്ടിടത്തിന് TC നമ്പർ ഇല്ലായിരുന്നു എന്നതിന് തെളിവാകുന്നു.
10. ഉടമസ്ഥാവകാശ രേഖ 15.5.2010ന് മുൻപായി ഹാജരാക്കണം എന്ന് പറഞ്ഞ് 23.4.2010ന് KSEB, Kulathoor Section ൽ നിന്ന് വീണ്ടും കക്ഷിക്ക് നോട്ടീസ് (P9 of 506/2011 C) അയച്ചു, എന്നിട്ടും ഉടമസ്ഥാവകാശ രേഖ ഹാജരാക്കാൻ കക്ഷിക്ക് കഴിഞ്ഞില്ല. ഇത് 15.5.2010 വരെ ടി കെട്ടിടത്തിന് TC നമ്പർ ഇല്ലായിരുന്നു എന്നതിന് തെളിവാകുന്നു.

11. ബഹു. ലോകായുക്ത കോടതിയിൽ 506/2011 C എന്ന കേസിൽ 1.7.2011 ന് KSEB, Kulathoor Section ലെ Respondent No.1 സമർപ്പിച്ച written statement പ്രകാരം *"On verification it is now understood that no ownership certificate or building permit number was issued by local body for the construction of Gurumandiram; hence no building number has been provided by the applicant along with application for service connection."* ഇത് 1.7.2011 വരെ ടി കെട്ടിടത്തിന് TC നമ്പർ ഇല്ലായിരുന്നു എന്നതിന് തെളിവാകുന്നു.

12. 4.6.2013 ൽ നടന്ന ഹിയറിംഗിൽ ബഹു. ലോകായുക്ത കോടതി, ഉടമസ്ഥാവകാശം സംബന്ധിക്കുന്ന രേഖകൾ ഉൺടെങ്കിൽ ഹാജരാക്കണമെന്ന് ഉത്തരവിടുകയും, അതുപ്രകാരം KSEB, Kulathoor Section ൽ നിന്ന് 29.6.2013 ന് consumer ക്ക് notice അയക്കുകയും ചെയ്തു. അങ്ങനെ 2.7.2013 ൽ വ്യക്തമായ identity വയ്ക്കാതെ ആരോ, Ownership Certificate ന് അപേക്ഷ സമർപ്പിച്ചു. ആ അപേക്ഷയുടെ പകർപ്പ് RTI Reply from SPIO, Attipra Zonal Office, No. ZA5/ZA2/3344/13 dtd. 30.8.2013 & RTI Appeal-1 Reply from Appellate Authority, Trivandrum Corporation, No. ZA5/3802/13 dtd. 27.9.2013 പ്രകാരം ലഭിച്ചിട്ടുൺട്. ആ അപേക്ഷ നഗരസഭ പരിഗണിക്കുകയും ZA3-2944/13 dtd. 5.7.2013, നമ്പർ 32740 എന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. അതിൽ *"പൗൺട്കടവ് ഡിവിഷനിൽ TC 81/2385-ാം നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം <u>ശ്രീ/ശ്രീമതി gurumandiram എന്നയാളിന്റെ പേരിലാണെന്ന്</u> ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു."* എന്ന <u>അർത്ഥശൂന്യവും വിഢിത്തവുമായ</u> statement ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആ സർട്ടിഫിക്കറ്റ് ലഭിച്ചയുടൻ, സെക്രട്ടറി, സത്യൻ, കൈരളി, കോരാളംകുഴി, കുളത്തൂർ.പി.ഒ എന്ന പേരിൽ, ശ്രീ. സത്യന്റെ അറിവോ സമ്മതമോ കൂടാതെ കള്ള ഒപ്പിട്ട അപേക്ഷയും, ലഭിച്ച ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും, *"പൗൺട്കടവ് ശ്രീനാരായണഗുരു മന്ദിരം TC 81/2385ൽ പ്പെട്ടതാണെന്ന് തെളിയിക്കുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് 5.7.2013 ൽ ലഭിക്കുകയുൺടായി. ടി സർട്ടിഫിക്കറ്റിന്റെ അസൽരേഖ ഈ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നു."* എന്ന കളവോടെ KSEB, Kulathoor Section ൽ സമർപ്പിക്കുകയും, ആയത് ബഹു. ലോകായുക്ത കോടതിയിൽ 506/2011 C എന്ന കേസിൽ Exhibit-R8 ആയി ഹാജരാക്കപ്പെടുകയും ചെയ്തു. പല തവണ നോട്ടീസ് നൽകിയിട്ടും, വർഷങ്ങളായി ഹാജരാക്കാൻ കഴിയാതിരുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയപ്പോൾ ബഹു. കോടതിക്ക് ബലമായ സംശയം ജനിക്കുകയും സത്യം കൺടെത്തുന്നതിനായി Revenue Officer, Zonal Office, Trivandrum Corporation, Attipra (R4). Secretary, Trivandrum Corporation, Trivadrum (R5) എന്നിവരെ Suo moto കക്ഷി ചേർത്തിട്ടുള്ളതും ആകുന്നു. അതിനുശേഷം RTI Reply from SPIO, Attipra Zonal Office, No. ZA5-5156/13 dtd. 12.12.2013 പ്രകാരം *"TC 81/2385-ാം നമ്പർ ഗുരുമന്ദിരം കുളത്തൂർ കോലത്തുകര എന്ന സ്ഥലത്തും, വിഷയാസ്പദമായ ഗുരുമന്ദിരം കോരാളംകുഴി എന്ന സ്ഥലത്തുമാണ് സ്ഥതി ചെയ്യുന്നത്"* എന്നും *"വിഷയാസ്പദമായ ഗുരുമന്ദിരത്തിന് KSEBയിൽ ഹാജരാക്കുന്നതിന് നഗരസഭ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. പ്രസ്തുത വിവരം KSEBയിൽ രേഖാമൂലം അറിയിച്ചിട്ടുൺട്."* എന്നും വിവരം ലഭിച്ചിട്ടുള്ളതാകുന്നു. ഇത് 12.12.2013 വരെ ടി കെട്ടിടത്തിന് TC നമ്പർ ഇല്ലായിരുന്നു എന്നതിന് തെളിവാകുന്നു. Consumer ക്ക് പോലും അജ്ഞാതമായ TC നമ്പർ ഉൺടെന്ന നഗരസഭയുടെ വാദം സത്യമാണെങ്കിൽ ഇപ്രകാരം കള്ളങ്ങളും അഴിമതിയും കാട്ടി, ഇത്രയേറെ ബദ്ധപ്പെടേൺട കാര്യമേ ഇല്ല. ആയതിനാൽ TC 81/1185 എന്ന നമ്പർ ടി Unauthorized Structure ന് നൽകിയിട്ടുള്ളത് അഴിമതിയിലൂടെ മാത്രമാണെന്നതിന് തെളിവാകുന്നു.

13. 26.4.2010 ൽ SPIO, Zonal Office, Trivandrum Corporation, Attipra ക്ക് ഞാൻ സമർപ്പിച്ച RTI അപേക്ഷയിൽ <u>*"അനധികൃതമായി കൈയ്യേറി നിർമ്മിച്ചിട്ടുള്ള ആരാധനാലയങ്ങളുടെ ലിസ്റ്റ് ബഹു. സുപ്രീം കോർട്ട് ആവശ്യപ്പെട്ടിരിക്കുന്നതായും അറിയുന്നു."*</u> എന്ന് ചൂൺടിക്കാട്ടിയിരുന്നതാണ്. അതിന്മേൽ അധികൃതർ യാതൊരു നടപടിയും സ്വീകരിച്ചില്ല. G.O. (Rt) No. 2657/2010/Home Dated, Thiruvananthapuram 26.8.2010. Orders dtd. 29.9.2009, 7.12.2009 and 16.2.2010 of the Hon'ble Supreme

Court in SLP(C) No. 8519/2006 പ്രകാരം ഈ Unauthorized Structure, removal list ൽ പെടുത്തേണ്ടതാണ്, അതിൽ സർക്കാർ ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയിട്ടുണ്ട്.

14. The Kerala Municipality Building Rules, 1999, Rule 146, Page 141. *Lazer Robert T. v C.M. Mohammed Sheriff and others – 2008 (4) KHC 1016"* പ്രകാരം *"There can be no regularisation of an unauthorised construction which under normal circumstances could never have come into existence; but for the fraud played on the Corporation. Fruits of fraud shall never be allowed to be enjoyed even if they are sweet and precious to the owner of the grove.* ഇതു പ്രകാരം, fraudulent രീതിയിലൂടെ നിർമ്മിച്ച ടി structure നെ unauthorised construction ആയി കണക്കാക്കി removal list ൽ പെടുത്തേണ്ടതാകുന്നു.

ടി unauthorised structure, സർക്കാർ ഭൂമിയിൽ establish ചെയ്യുന്നതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്ത സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി/അനാസ്ഥ/കെടുകാര്യസ്ഥത/കൃത്യവിലോപം എന്നിവ കാരണം, 80 ലക്ഷത്തോളം രൂപ വിലമതിക്കുന്ന ഭൂമി സർക്കാരിന് നഷ്ടമാകാൻ സാദ്ധ്യതയുള്ളതാകുന്നു.

കൂടാതെ ഓണം, വിഷു, ശബരിമല മണ്ഡലകാലം, പുതുവർഷം തുടങ്ങിയ നല്ല നാളുകളിൽ സമാധാനകാംക്ഷികളായ പരിസരവാസികളുടെ ശാന്തിയും സമാധാനവും കെടുത്തും വിധം, കോരാളംകുഴി ലക്ഷംവീട് കോളനിയിലും പരിസരത്തുമുള്ള ഒരു വിഭാഗം അന്യർ ടി സർക്കാർ ഭൂമിയിൽ അതിക്രമിച്ച് കയറി സാമൂഹ്യ/നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച്, **സ്വഭവനത്തിൽ സൈ്വരമായി കഴിയാനുള്ള മനുഷ്യാവകാശം ലംഘിക്കുകയുമാണ്**.

18.1.2014 ന് Trivandrum Corporation Secretary യ്ക്ക് ഈ വിഷയം സംബന്ധിച്ച് "CORRUPTION" എന്ന ഇതേ തലക്കെട്ടോടെ സമർപ്പിച്ച അപേക്ഷയ്ക്ക് (ഫയൽ നമ്പർ ZAE-638/14) *"കെട്ടിടത്തിന് നിലവിൽ TC നമ്പർ ഉള്ളതാകയാൽ അനധികൃതമായി കണക്കാക്കാൻ സാധിക്കില്ല. ആയതിനാൽ നടപടി സ്വീകരിച്ചിട്ടില്ല."* എന്ന അന്യായവും, നിയമ സാധുതയില്ലാത്തതുമായ മുടന്തൻ ന്യായം പറഞ്ഞ് അഴിമതിയെ ഏതുവിധേനയും defend ചെയ്യുകയെന്ന നീച കൃത്യം ചെയ്തിരിക്കുകയുമാണ്.

ആയതിനാൽ, ഇത്ര വിശദമായ തെളിവുകൾ സഹിതം സമർപ്പിക്കുന്ന ഈ അപേക്ഷ ഗൗരവമായെടുത്ത്, ടി Structure നെ Unauthorized Construction ആയി കണക്കാക്കേണ്ടതും, Hon'ble Supreme Court in SLP(C) No. 8519/2006 പ്രകാരവും, The Kerala Municipality Building Rules, 1999, Rule 146, Page 141 പ്രകാരവും, removal list ൽ പെടുത്തേണ്ടതും, നഗരസഭ അഴിമതിയിലൂടെ നൽകിയ TC നമ്പർ (TC 81/1185) അടിയന്തിരമായി cancel ചെയ്ത് Government കണ്ടുകെട്ടേണ്ടതും ഏറ്റെടുക്കേണ്ടതും, മേലിൽ ടി സ്ഥലത്ത് അന്യർ അതിക്രമിച്ച് കയറി സാമൂഹ്യ/നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാതിരിക്കാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,



(Subhash.S)